# പത്രക്കുറിപ്പ്

30.09.2020

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്, 2020 ഏപ്രിൽ മുതൽ 2020 ജൂൺ വരെയുള്ള കാലയളവിൽ, വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനും വാങ്ങുന്നതിനും, കമ്മീഷൻ അംഗീകരിച്ച ഇന്ധന ചിലവിനേക്കാൾ കൂടുതലായി, ഇന്ധന വിലയിലുണ്ടായ വർദ്ധനവ് മൂലമുണ്ടായ, അധികബാധ്യത ഇന്ധന സർചാർജ്ജായി ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്നതിനുള്ള അപേക്ഷ 2020 സെപ്റ്റംബർ 11ന് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷ കമ്മീഷന്റെ വെബ്സൈറ്റിൽ (www.erckerala.org) ലഭ്യമാണ്. ടി അപേക്ഷയിന്മേലുള്ള പൊതുതെളിവെടുപ്പ് **2020 ഒക്ടോബർ മാസം 6–ാം തീയതി രാവിലെ 11 ന്** വീഡിയോ കോൺഫറൻസിംഗ് വഴി നടത്തുന്നതാണ്. പ്രസ്തുത പൊതുതെളിവെടുപ്പിൽ പൊതുജനങ്ങൾക്കും, അഭ്യുദയകാംക്ഷികൾക്കും മറ്റ് താത്പര്യമുള്ളവർക്കും പങ്കെടുത്ത്, അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും, രേഖപ്പെടുത്താവുന്നതാണ്. വീഡിയോ കോൺഫറൻസിലൂടെയുള്ള പൊതുതെളിവെടുപ്പിൽ പങ്കെടുക്കുന്നതിനുള്ള ലിങ്ക് ലഭ്യമാക്കുന്നതിനായി പങ്കെടുക്കുന്ന ആളിന്റെ പേര്, ഇ–മെയിൽ വിലാസം എന്നിവ ഒക്ടോബർ 5–ാം തീയതി ഉച്ചയ്ക്ക് 2 മണിക്ക് മുൻപായി കമ്മീഷന്റെ ഇ–മെയിൽ വിലാസമായ kserc@erckerala.org യിൽ അറിയിക്കേണ്ടതാണ്. തപാൽ മുഖേന അഭിപ്രായങ്ങൾ അയയ്ക്കുന്നവർ സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, കെ.പി.എഫ്.സി ഭവനം, സി.വി. രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം 695 010 എന്ന വിലാസത്തിൽ 06.10.2020 ന് മുമ്പായി കിട്ടത്തക്കവിധം അയയ്ക്കേണ്ടതാണ്.

സെക്രട്ടറി

F:\DY DIRECTOR SMT SAVITHA\SEP 2020\MALAYALAM PRESS RELEASE - FUEL SURCHARGE P H ON 06.10.2020 DT 30.09.2020.docx